ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 69 ശിശുക്കൾ അട്ടപ്പാടി മേഖലയിൽ മരണപ്പെട്ടിട്ടുണ്ട്. ഗർഭിണിയായ അമ്മമാരുടെ പോഷണക്കുറവ്, മാസം തികയാതെയുള്ള പ്രസവം മുതലായ കാരണങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

304 (652) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അട്ടപ്പാടിയിൽ ശിശുമരണങ്ങൾക്കിടയാക്കുന്ന അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

അട്ടപ്പാടിയിൽ സംഭവിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ ഇത് പരിഹരിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി, സബല പദ്ധതി, അമൃതം ന്യൂട്രീഷൻ മിക്സ് വിതരണം, ആരോഗ്യ വകുപ്പിന്റെ ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, ജാതക്-ജനനി സോഫ്റ്റ്വെയർ, പട്ടികവർഗ്ഗ ഗർഭിണികൾക്ക് അയൺ ഗുളികകൾ, ഫോളിക് ആസിഡ് എന്നിവകളുടെ വിതരണം, സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി, ജനനി-ജന്മരക്ഷ പദ്ധതി തുടങ്ങിയവ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടെത്തിയ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ആരോഗ്യ പ്രശ്നങ്ങൾ കുറയ്ക്കുന്നതിനും ഉദ്ദേശിച്ച് സർക്കാർ ആവിഷ്കരിച്ച നടപ്പാക്കിവരുന്ന പദ്ധതികളാണ്.

പട്ടികവർഗ്ഗക്കാരുടെ ഇടയിലെ ലഹരി ഉപയോഗം

305 (653) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്കാരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യം, പുകയില, മറ്റ് ലഹരി വസ്തുക്കൾ തുടങ്ങിയവയുടെ ഉപയോഗത്തിനെതിരെ അവബോധ ക്യാമ്പുകളും

LIBRARY ARCHIVES Kerala Legislative Assembly